**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3152** **26-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കുമോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചേരംഗനാൽ - നേര്യമംഗലം (13.4 കി.മീ) പ്രവർത്തിക്ക് 20.03.2022-ൽ 65.57 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടു നല്കാൻ ജനങ്ങൾ തയ്യാറാകാത്തതിനാൽ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റിന്റെ തുടർ നടപടികളെടുക്കുവാൻ കഴിഞ്ഞിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തേണ്ടതുണ്ട്. |
| (ബി) | നിരന്തരമായി ഇടപെടലുകൾ നടത്തിയിട്ടും 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ലഭ്യമായ വീതിയിൽ മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മലയോര ഹൈവേ നിർമ്മാണത്തിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം മാത്രമേ നിർമ്മാണ പ്രവർത്തനം നടത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ